# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ - അനുപമ റ്റി വി , ഐ എ എസ്)

വിഷയം –വനിതശിശുവികസനവകുപ്പ് –ജീവനക്കാര്യം –ശ്രീ രതീഷ് പി.എൻ ജില്ലാ തല ഐസിഡിഎസ് സെൽ പാലക്കാട് - യു ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ചും നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം -
1. G.O. (MS) 301/68/PD dt. 26.09.1968
2. GO (MS) 41/2012/P&ARD dt. 23.08.2012
3. GO (MS) 08/2013/P&ARD dt. 05.04.2013
4. പ്രോഗ്രാം ഓഫീസർ ,ജില്ലാ തല ഐസിഡിഎസ് സെൽ പാലക്കാട് ന്റെ 12/04/2021 തീയതിയിലെ നം എ/586/2021 നമ്പർ കത്ത്

**ഉത്തരവ് നമ്പർ WCD-E4/7647/21 തീയതി 02/08/2021**

പാലക്കാട് ജില്ലാതല ഐസിഡിഎസ് സെല്ലിൽ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതും 5 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടുള്ളതും സീനിയർ ക്ലാർക്ക് തസ്തികയ്ക്ക് ആവശ്യമായ യോഗ്യതകൾ നേടിയിട്ടുള്ളതുമായ യു.ഡിടൈപിസ്റ്റ്/സീനിയർഗ്രേഡ്ടൈപിസ്റ്റ്/സെലക്ഷൻഗ്രേഡ്ടൈപിസ്റ്റ്/സ്റ്റെനോഗ്രാഫർ തസ്തികയിലെ ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലെ 1/6 ഒഴിവുകൾ പരാമർശം (1), (2),(3) പ്രകാരം അനുവദനീയമാണ്.

യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതും ആകെ 6 വർഷത്തെ സേവനം പൂർത്തീകരിച്ചതും സീനിയർക്ലാർക്ക് തസ്തികയുടെ ഉദ്യോഗക്കയറ്റത്തിനാവശ്യമായ ടെസ്റ്റ് യോഗ്യതകൾ (MOP, Account Test Lower) നേടിയിട്ടുള്ളതുമായ ശ്രീ രതീഷ്.പി.എൻ ,തസ്തികമാറ്റം വഴി സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക നിയമനം അനുവദിക്കണമെന്ന് പരാമർശം(4) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ടി ജീവനക്കാരൻ ടൈപ്പിസ്റ്റ് തസ്തികയിൽ 6 വർഷം പൂർത്തീകരിച്ചിട്ടുള്ളതിനാലും സീനിയർ ക്ലാർക്ക് തസ്തികയ്ക്കാവശ്യമായ ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടുള്ള സാഹചര്യത്തിലും ജീവനക്കാരന്റെ

അപേക്ഷ പരിഗണിച്ച് നിലവിൽ സേവനമനുഷ്ഠിക്കുന്ന യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് (35600-75400)സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് (35600-75400) രൂപ സ്കെയിലിൽ തസ്തികമാറ്റം അനുവദിച്ചും കോഴിക്കോട് ചിൽഡ്രൻസ് ഹോം (ബോയ്സ്)-ൽ നിയമനം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തസ്തികമാറ്റം അനുവദിക്കപ്പെട്ട ജീവനക്കാരന്റെ ശമ്പളം കെഎസ്ആർ ഭാഗം 1 ചട്ടം 37 (ബി) പ്രകാരം നിർണ്ണയിക്കേണ്ടതാണ്. ജീവനക്കാരൻ സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ രണ്ട് വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും.

ജീവനക്കാരനെ പുതിയ തസ്തികയിൽ പ്രവേശിക്കുന്നതിന് കാര്യാലയമേധാവി ഉടൻ വിട്ടുതൽ ചെയ്യേണ്ടതും അക്കാര്യം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ജീവനക്കാരന് അർഹമായ പ്രവേശന കാലത്തിനു അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

ശ്രീ രതീഷ് പി.എൻ,
യു ഡി ടൈപ്പിസ്റ്റ്

പകർപ്പ്

1. സൂപ്രണ്ട് , ചിൽഡ്രൻസ് ഹോം (ബോയ്സ്) കോഴിക്കോട്
2. ജില്ലാ വനിത ശിശു വികസന ഓഫീസർ, കോഴിക്കോട്
3. പ്രോഗ്രാം ഓഫീസർ ജില്ലാ തല ഐസിഡിഎസ് സെൽ പാലക്കാട് ,
4. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
5. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്